# NOEL MEMORIAL HIGH SCHOOL
## KUMBANAD

# ACADEMIC MASTER PLAN
# 2025-2026



# നോയൽ മെമ്മോറിയൽ ഹൈസ്കൂൾ കുമ്പനാട്

| | | |
|---|---|---|
| ജില്ല | : | പത്തനംതിട്ട |
| താലൂക്ക് | : | തിരുവല്ല |
| പഞ്ചായത്ത് | : | കോയിപ്രം |
| വാർഡ് | : | 1 |
| ലോക്സഭാ മണ്ഡലം | : | പത്തനംതിട്ട |
| നിയമസഭാ മണ്ഡലം | : | ആറന്മുള |
| റവന്യൂ ജില്ല | : | പത്തനംതിട്ട |
| വിദ്യാഭ്യാസ ജില്ല | : | തിരുവല്ല |
| വിദ്യാഭ്യാസ ഉപജില്ല | : | പുല്ലാട് |
| സ്കൂൾ കോഡ് | : | 37022 |
| യുഡൈസ് കോഡ് | : | 32120600504 |
| സ്ഥാപിതമായ വർഷം | : | 1935 |
| സ്കൂൾ തലം | : | ഹൈസ്കൂൾ തലം (5 മുതൽ 10 വരെ) |
| ഫോൺ നമ്പർ | : | 9847966127 |
| ഇ മെയിൽ | : | noelkumbanad@gmail.com |
| ഹെഡ്മിസ്ട്രസ്സ് | : | ശ്രീമതി. ഗ്ലോസി പി ജോയ് |

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ആമുഖം | 3 |
| 2 | ജീവനക്കാരുടെ വിശദാംശങ്ങൾ | 6 |
| 3 | Sixth Working Day Strength | 7 |
| 4 | പൊതുലക്ഷ്യങ്ങൾ | 10 |
| 5 | പാഠ്യ - പാഠ്യേതര മേഖലകളിലേക്കുള്ള മാസ്റ്റർ പ്ലാൻ | 13 |
| 6 | യു പി തലം സംസ്കൃതം | 19 |
| 7 | യു പി തലം മലയാളം | 21 |
| 8 | യു പി തലം ഇംഗ്ലീഷ് | 24 |
| 9 | യു പി തലം ഹിന്ദി | 27 |
| 10 | യു പി തലം സയൻസ് | 28 |
| 11 | യു പി തലം സാമൂഹ്യശാസ്ത്രം | 30 |
| 12 | യു പി തലം ഗണിതം | 32 |
| 13 | ഹൈസ്കൂൾ തലം മലയാളം | 35 |
| 14 | ഹൈസ്കൂൾ തലം ഇംഗ്ലീഷ് | 37 |
| 15 | ഹൈസ്കൂൾ തലം ഹിന്ദി | 39 |
| 16 | ഹൈസ്കൂൾ തലം സയൻസ് | 40 |
| 17 | ഹൈസ്കൂൾ തലം സാമൂഹ്യശാസ്ത്രം | 42 |
| 18 | ഹൈസ്കൂൾ തലം ഗണിതം | 44 |
| 19 | ഹൈസ്കൂൾ തലം ICT | 46 |
| 20 | ഉപസംഹാരം | 48 |

# ആമുഖം

പത്തനംതിട്ട ജില്ലയിലെ തിരുവല്ല താലൂക്കിൽ ഉൾപ്പെടുന്ന കോയിപ്രം പഞ്ചായത്തിന്റെ ഹൃദയഭാഗമായ കുമ്പനാട് എന്ന ഗ്രാമപ്രദേശത്തെ കഴിഞ്ഞ ഒമ്പത് പതിറ്റാണ്ടുകളായി അജ്ഞതയുടെ തമസ്സിൽ നിന്നും അറിവിന്റെ ലോകത്തേക്ക് നയിക്കുന്ന വിദ്യയുടെ കേന്ദ്രമാണ് നോയൽ മെമ്മോറിയൽ ഹൈസ്കൂൾ കുമ്പനാട്. ഇന്ന് ലോകത്തിന്റെ പല ഭാഗങ്ങളിലായി വിവിധ മേഖലകളിൽ മാറ്റുരയ്ക്കുന്ന കുമ്പനാടിന്റെ പൗരാവലിയെ സ്വപ്നം കാണുവാൻ പഠിപ്പിച്ചതും അവസരങ്ങളുടെ ചിറകേറി പറക്കുവാൻ യോഗ്യരാക്കിയതും ഈ വിദ്യാലയമാണ്.

കുമ്പനാട് ജംഗ്ഷനിൽ ബ്രദറൻ സഭയുടെയും ബ്രദറൻ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെയും അതിരിൽ ആറര ഏക്കർ സ്ഥലത്തായി കുന്നിൻ മുകളിലായാണ് ഈ വിദ്യാലയം നിലകൊള്ളുന്നത്. വർഷങ്ങളായി കാർഷിക സംസ്കാരത്തിലൂന്നി ജീവിച്ചിരുന്ന ഈ പ്രദേശത്തെ ജനതയ്ക്ക് വിദ്യാഭ്യാസം നൽകി സമൂഹത്തിന്റെ മേലേത്തട്ടിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ ഈ പ്രദേശത്തേക്ക് കടന്നുവന്ന മിഷനറി പ്രവർത്തകരാണ് ഈ വിദ്യാലയം സ്ഥാപിക്കുന്നതിലേക്ക് നയിച്ചത്. 1905 ൽ ഈ പ്രദേശത്ത് പ്രവർത്തിച്ചിരുന്ന വി നാഗൽ എന്ന മിഷനറിയാണ് സ ്കൂളിരിക്കുന്ന സ്ഥലം വാങ്ങിയതും പ്രധാന വഴിയിൽ നിന്നും റോഡ് വെട്ടിയതും ചുറ്റുമതിൽ തീർത്തതും. പിന്നീട് ഇംഗ്ലണ്ടിൽ നിന്നും ബ്രദറൻ മിഷന്റെ പ്രവർത്തകനായി ഈ പ്രദേശത്ത് എത്തിയ മിഷനറി എഡ്വിൻ ഹണ്ടർ നോയൽ ഈ പ്രദേശത്തെ അധഃസ്ഥിത വിഭാഗത്തിലുൾപ്പെട്ടവർക്ക് വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ 1935 ൽ ഈ വിദ്യാലയം സ്ഥാപിച്ചു. ബ്രദറൻ മിഷൻ സ്കൂൾ എന്നറിയപ്പെട്ടിരുന്ന വിദ്യാലയം പിന്നീട് മിഷനറി നോയലിന്റെ കാലശേഷമാണ് നോയൽ മെമ്മോറിയൽ ഹൈസ്കൂൾ എന്നറിയപ്പെടുവാൻ തുടങ്ങിയത്.

5 മുതൽ 10 വരെയുള്ള ക്ലാസ്സുകളാണ് ഈ വിദ്യാലയത്തിലുള്ളത്. സമീപദേശങ്ങളിൽ നിന്നു വരെ അനേകർ വിദ്യാഭ്യാസം നേടുന്നതിനായി ഈ വിദ്യാലയത്തിലെത്തിയിരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികൾ ഉന്നത സ്ഥാനങ്ങളിൽ സേവനമനുഷ്ഠിക്കുകയും ഉയർന്ന നിലവാരത്തിൽ ജീവിക്കുകയും ചെയ്യുന്നു എന്നുള്ളത് ഈ വിദ്യാലയത്തെ സംബന്ധിച്ച് അഭിനന്ദനാർഹമാണ്. പൂർവ്വ വിദ്യാർത്ഥി സംഘടന വളരെ മികച്ച രീതിയിൽ വിദ്യാലയത്തോടൊത്ത് ചേർന്ന് പ്രവർത്തിച്ച് വരുന്നു. ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് അറിവ് പകർന്നു നൽകിയിരുന്ന ഈ വിദ്യാലയത്തിൽ ഇപ്പോൾ 105 വിദ്യാർത്ഥികളും 11 അധ്യാപകരും 4 അനധ്യാപകരും സേവനമനുഷ്ഠിക്കുന്നു.

കൃത്യമായ ആസൂത്രണത്തിലൂടെ സമഗ്രമായ ഒരു അക്കാദമിക പദ്ധതി തയ്യാറാക്കി പഠിതാക്കളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ കുമ്പനാട് നോയൽ മെമ്മോറിയൽ ഹൈസ്കൂൾ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ ആണിത്. ദേശീയ വിദ്യാഭ്യാസ നയം കേരള കരിക്കുലം ഫ്രെയിംവർക്ക് എന്നിവയിലൂടെ മുന്നോട്ടു വച്ചിരിക്കുന്ന ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ടും അതിലെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടിയും അധ്യാപകരും വിദ്യാർത്ഥി പ്രതിനിധികളും രക്ഷകർത്താക്കളും സ്കൂൾ മാനേജ്മെന്റും കൂടിയാലോചിച്ച് മികച്ച അക്കാദമിക നിലവാരമുള്ള വിദ്യാലയമായി നമ്മുടെ വിദ്യാലയത്തിനെ മാറ്റിയെടുക്കുന്നതിനായി മുന്നോട്ടുവെച്ച ആശയങ്ങൾ ഇവിടെ പങ്കുവയ്ക്കുന്നു.

ഈ പദ്ധതി ഓരോ വിദ്യാർത്ഥിയുടെയും സമഗ്രമായ വികസനം ലക്ഷ്യമിടുന്നു. ഞങ്ങളുടെ വിദ്യാർത്ഥികളുടെ വൈവിധ്യമാർന്ന പഠന ആവശ്യങ്ങൾ തിരിച്ചറിഞ്ഞ്അവർക്ക് ആവശ്യമായ പഠനാന്തരീക്ഷം സൃഷ്ടിച്ചു നൽകുക എന്നതാണ് ഞങ്ങളുടെ പ്രധാന ലക്ഷ്യം. അതിനാൽ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ വിദ്യാർത്ഥി കേന്ദ്രീകൃതമായ അധ്യാപനത്തിന് ഊന്നൽ നൽകുന്നു. അടിസ്ഥാന സാക്ഷരതയ്ക്ക് പ്രത്യേക ശ്രദ്ധ നൽകുന്നു താഴ്ന്ന ക്ലാസുകളിലെ സംഖ്യാശാസ്ത്ര ബോധം വളർത്തുക, എല്ലാ വിദ്യാർഥികളും ഡിജിറ്റൽ സാക്ഷരത നേടുക, ഭാഷ

വിഷയങ്ങൾ അനായാസേന കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക എന്നീ ലക്ഷ്യങ്ങൾക്ക് ആണ് പ്രത്യേക പ്രാധാന്യം നൽകിയിരിക്കുന്നത്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് യോജിച്ച പഠനാന്തരീക്ഷം സൃഷ്ടിക്കുവാനും ഈ പ്ലാനിലൂടെ ശ്രമിക്കുന്നു.

വിമർശനാത്മക ചിന്തയും വ്യക്തമായ സാമൂഹിക കാഴ്ചപ്പാടും ശാസ്ത്ര അവബോധവും ഉള്ള ഉത്തമ പൗരന്മാരെ സൃഷ്ടിച്ചെടുക്കുവാൻ ഈ അക്കാദമിക് മാസ്റ്റർ പ്ലാനിലൂടെ കഴിയട്ടെ എന്ന് കഴിയട്ടെ എന്ന് ആഗ്രഹിച്ചുകൊണ്ട് 2025 26 വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ ഇവിടെ സമർപ്പിക്കുന്നു. പാഠ്യ പാഠ്യേതര മേഖലകളിൽ മികച്ച പ്രകടനങ്ങൾ കാഴ്ച്ച വച്ച് സാമൂഹ്യ മൂല്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഒരുമയോടെ ഒന്നിച്ച് പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിന് ശരിയായ മുന്നൊരുക്കങ്ങളോടെയും ചിട്ടയായ പ്രവർത്തനങ്ങളോടെയും വിജയപ്പടവുകളേറാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സഹായകട്ടെ.

# ജീവനക്കാരുടെ വിശദാംശങ്ങൾ

## അധ്യാപകർ

1. ഗ്ലോസി പി ജോയ് (ഹെഡ്മിസ്ട്രസ്സ്)
2. ലിസി മാത്യു HSA മലയാളം)
3. ജീന ഏബ്രഹാം HSA Physical Science
4. ഡെയ്സി ഏബ്രഹാം (HSA Hindi)
5. ഷീബ പി സാം (HSA Social Science)
6. ലിയ മേരി ഏബ്രഹാം (HSA Mathematics)
7. നീതു ആൻ ജോജി (HSA English)
8. ലക്ഷ്മി എസ് പിള്ള (LGFT Sanskrit)
9. ധന്യ സൂസൻ വറുഗീസ്(UPST)
10. ജ്യോതിലക്ഷ്മി എ (UPST)
11. രഞ്ജു ആർ (UPST)

## അനധ്യാപകർ

1. ബിനോയ് വർഗീസ് (ക്ലർക്ക്)
2. ജോജൻ ജോർജ് (OA)
3. ലിജു ജോർജ്ജ് (OA)
4. ഗൗതം ഡി ഗിരീഷ് ( FTM)

# SIXTH WORKING DAY STRENGTH

## UP SECTION

| CLASS | CATEGORY | BOY | GIRL | TOTAL |
|---|---|---|---|---|
| V | SC | 0 | 0 | 0 |
| | ST | 0 | 0 | 0 |
| | OEC | 1 | 1 | 2 |
| | OBC | 3 | 1 | 4 |
| | GENERAL | 6 | 2 | 8 |
| TOTAL | | 10 | 4 | 14 |
| VI | SC | 2 | 1 | 3 |
| | ST | 0 | 0 | 0 |
| | OEC | 1 | 3 | 4 |
| | OBC | 1 | 0 | 1 |
| | GENERAL | 5 | 5 | 10 |
| TOTAL | | 9 | 9 | 18 |
| VII | SC | 0 | 0 | 0 |
| | ST | 1 | 0 | 1 |
| | OEC | 0 | 1 | 1 |
| | OBC | 0 | 0 | 0 |
| | GENERAL | 2 | 1 | 3 |
| TOTAL | | 3 | 2 | 5 |
| GRAND TOTAL | | 22 | 15 | 37 |

# SIXTH WORKING DAY STRENGTH

## HIGH SCHOOL SECTION

| CLASS | CATEGORY | BOY | GIRL | TOTAL |
|---|---|---|---|---|
| VIII | SC | 2 | 3 | 5 |
| | ST | 0 | 0 | 0 |
| | OEC | 0 | 2 | 2 |
| | OBC | 1 | 0 | 1 |
| | GENERAL | 9 | 9 | 18 |
| TOTAL | | 12 | 14 | 26 |
| IX | SC | 3 | 2 | 5 |
| | ST | 0 | 0 | 0 |
| | OEC | 1 | 1 | 2 |
| | OBC | 1 | 0 | 1 |
| | GENERAL | 10 | 4 | 14 |
| TOTAL | | 15 | 7 | 22 |
| X | SC | 0 | 1 | 1 |
| | ST | 1 | 1 | 2 |
| | OEC | 0 | 1 | 1 |
| | OBC | 0 | 1 | 1 |
| | GENERAL | 6 | 9 | 15 |
| TOTAL | | 7 | 13 | 20 |
| GRAND TOTAL | | 34 | 34 | 68 |

# അക്കാദമിക മാസ്റ്റർ പ്ലാൻ

# പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെക്കുറിച്ചുള്ള അധ്യാപകരുടെ ധാരണ വർധിപ്പിക്കുക. | വിദ്യാർത്ഥികളുടെ ചുറ്റുപാടുകളെക്കുറിച്ച് (സാമ്പത്തീക സാമൂഹിക ഭൗതീകം) വിശ്വസനീയമായ രീതിയിൽ വിവര ശേഖരണം നടത്തുന്നു. | അക്കാദമിക വർഷത്തിന്റെ ആദ്യഭാഗം | സഹ അധ്യാപകരുടെ സഹായത്തോടെ ക്ലാസ് അധ്യാപകർ | |
| 2) സവിശേഷ കഴിവുള്ള കുട്ടികളുടെ സർഗ്ഗശേഷികൾ വികസിപ്പിച്ച് ദേശീയ അന്തർ ദേശീയ തലത്തിലേക്ക് ഉയർത്തൽ. | ഓരോ യൂണിറ്റിന്റെയും അവസാനത്തിൽ മൂല്യനിർണ്ണയം നടത്തുന്നു. സിവിൽ സർവ്വീസ്, കരിയർ ഗൈഡൻസ്, വ്യക്തിത്വ വികസനം എന്നീ പരിശീലന കോഴ്സുകളിലൂടെ ഭാവിസാധ്യതകൾ പഠിതാക്കൾക്ക് തുറന്ന് കൊടുക്കുന്നു. | അക്കാദമിക വർഷം | പ്രധാന അധ്യാപിക-അധ്യാപകർ | പി.ടി.എ, പൂർവ്വ വിദ്യാർത്ഥി സംഘടന |
| 3) പ്രത്യേക പരിഗണന അർഹിക്കുന്ന പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠന നിലവാരം ഉയർത്തൽ. | നിരന്തര മൂല്യനിർണ്ണയം നടത്തി പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. | അക്കാദമിക വർഷം | വിഷയ അധ്യാപകർ | |
| | ഐക്യുടെസ്റ്റ് നടത്തി കുട്ടികളുടെ ഭൗതീക നിലവാരം കണ്ടെത്തുന്നു. കുട്ടികളിൽ ആത്മവിശ്വാസവും ആത്മധൈര്യവും പകർന്ന് കൊടുക്കുന്നതിനുള്ള സമീപന രീതി. | ജൂൺ, ജൂലായ് മാസങ്ങൾ | ക്ലാസ് അധ്യാപകരും റിസോർസ് അധ്യാപകരും | പി.ടി.എ |
| 4) കുട്ടികളിൽ എന്ത് സംഭവിക്കുന്നുഎന്ന് രക്ഷിതാക്കളെ ബോധവത്ക്കരിക്കുന്നു. (സ്വഭാവ രൂപീകരണം, പഠന മേഖല) | നിലവിലുള്ള സാമൂഹിക ചുറ്റുപാടുകളെക്കുറിച്ചുള്ള അവബോധം രക്ഷിതാക്കൾക്ക് ക്ലാസ് നൽകുന്നു. (ചൈൽഡ് ലൈൻ)നവമാധ്യമങ്ങളുടെ തള്ളി കയറ്റം (ടി.വി, മൊബൈൽ, ഇന്റർനെറ്റ് ഗെയിമുകൾ വാട്സ് അപ്പ്, ഫെയ്സ് ബുക്ക് എന്നിവയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് രക്ഷിതാക്കളെ ബോധവത്ക്കരിക്കുന്നു.) | അക്കാദമിക വർഷത്തിൽ രണ്ടുപ്രാവശ്യം | ഹെഡ്മിസ്ട്രസ്, ചൈൽഡ് ലൈൻ | പി.ടി.എ |

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) കാലഘട്ടത്തിന്റെ സവിശേഷതകൾ മനസിലാക്കി ധാർമ്മീകത മുൻനിർത്തിയുള്ള മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകുക. | സന്മാർഗ്ഗ പാഠം (ആഴ്ച്ചയിൽ ഒരിക്കൽ) കാര്യക്ഷമമാക്കുന്നു.<br>ഓരോ മാസവും ഓരോ മൂല്യത്തെ അടിസ്ഥാനമാക്കി കുട്ടികളുടെ സർഗ്ഗാത്മക സ്കൂൾ അസംബ്ലി സംഘടിപ്പിക്കുന്നു.<br>നവമാധ്യമങ്ങളുടെ ശരിയായ ഉപയോഗത്തെ പറ്റിയുള്ള ബോധവത്ക്കരണം.<br>ഇൻസ്പിരേഷണൽ വീഡിയോ പ്രദർശനവും മോട്ടിവേഷൻ ക്ലാസുകൾ<br>കൗമാര വിദ്യാഭ്യാസം | ആഴ്ച്ചയിൽ രണ്ടുപ്രാവശ്യം<br>അക്കാദമിക വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ<br>പ്രധാന അധ്യാപിക, അധ്യാപകർ | സ്കൂൾ മാനേജ്മെന്റ്, പി.ടി.എ. |
| 6) പ്രകൃതി സൗഹൃദ ക്യാമ്പസ് | തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക പൂന്തോട്ടം മെച്ചപ്പെടുത്തൽ.<br>ഉള്ള സൗകര്യത്തിൽ ഔഷധ തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ.<br>സ്കൂൾ ക്യാമ്പസ് സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത മേഖലയായി പ്രഖ്യാപിക്കുന്നു. | അക്കാദമിക് വർഷം | ഹരിത സേന, ഹെൽത്ത് ക്ലബ്ബ് | കൃഷിവകുപ്പ്, സീഡ്, ഹരിത സേന |
| 7) കുട്ടികളിൽ സമൂഹത്തോടുള്ള പ്രതിബദ്ധതയും സഹാനുഭൂതിയും വളർത്തിയെടുക്കൽ | **'ഒരുമനമോടെ....."**<br>"BEST" ന്റെ പ്രവർത്തനം: കുട്ടികളുടെ ആർഭാടത്തെ മിതപ്പെടുത്തി "കുടുക്കയിൽ ശേഖരിക്കുന്നു." ചികിത്സാ സഹായം, പഠനസഹായം, ഭവന നിർമ്മാണം, വസ്ത്ര സമാഹരണം എന്നിവയിലൂടെ സമൂഹത്തിലെ അവശവിഭാഗത്തോട് പക്ഷം ചേർന്ന് പ്രവർത്തിക്കുന്നു. | അക്കാദമിക് വർഷത്തിൽ ആവശ്യമായി വരുമ്പോൾ | BEST | BEST |

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്ക്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## ശാസ്ത്രം, ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) **ശാസ്ത്രം:** ശാസ്ത്ര പ്രതിഭകളെ കണ്ടെത്തി ദേശീയ അന്തർ ദേശീയ തലത്തിലേക്ക് വളർത്തിയെടുക്കുന്നു. | മത്സര പരീക്ഷകൾ- ശാസ്ത്ര ക്വിസ്, ടാലന്റ് ഹണ്ട്, സംസ്ഥാനതല ശാസ്ത്ര മേളകൾ എന്നിവയിൽ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.<br>സയൻസ് ലാബ് ആധുനീക വൽക്കരിക്കുന്നു. സോഷ്യൽ ലാബ് നവീകരിക്കൽ. | അഞ്ച് വർഷത്തിലൊരിക്കൽ | സയൻസ് അധ്യാപകർ | |
| | ലാംഗ്വേജ് ലാബ് നിർമ്മിക്കുന്നു. ഗണിത ലാബ് ക്രമീകരിക്കൽ. | രണ്ട് വർഷം | ഹെഡ്മിസ്ട്രസ് | പി.ടി.എ, മാനേജ്മെന്റ്, പൂർവ്വ വിദ്യാർത്ഥികൾ അനുവദിക്കുന്ന മറ്റ് ഫണ്ടുകൾ. |

## പഠനോപകരണ നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) കുട്ടികൾക്ക് പഠന മേഖലകൾ ലഘൂകരിക്കുന്നതിന് വേണ്ടി പഠനത്തിൽ താല്പര്യം ജനിപ്പിക്കുന്നതിന് വേണ്ടി. | ഒറിഗാമി<br>ഗണിതത്തിൽ കുട്ടികൾ സ്വയം ഉണ്ടാക്കുന്ന മോഡലുകൾ<br>ശാസ്ത്രത്തിൽ ലഘു പരീക്ഷണങ്ങൾ | അക്കാദമിക വർഷം | അധ്യാപകർ | ക്ലബ്ബുകൾ |
| | ഫയൽ നിർമ്മാണം, ബുക്ക് നിർമ്മാണം, റൈറ്റിംഗ് ബോർഡ് നിർമ്മാണം, വർക്കിംങ്ങ് മോഡലുകൾ, സ്റ്റിൽ മോഡലുകൾ | അക്കാദമിക വർഷം | അധ്യാപകർ | രക്ഷിതാക്കൾ |

## ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) സ്കൂൾ ലൈബ്രറിയുടെ കൃത്യമായ ഉപയോഗം | ടൈംടേബിൾ പ്രകാരം ക്ലാസിലെ മുഴുവൻ കുട്ടികളെയും ലൈബ്രറിയിൽ ഇരുത്തി വായിപ്പിക്കുന്നു. ആവശ്യമുള്ള കുട്ടികൾക്ക് സ്കൂൾ ലൈബ്രറി മെമ്പർഷിപ്പിലൂടെ റഫറൻസ് പുസ്തകങ്ങൾ വീട്ടിൽ കൊണ്ട് പോകുന്നതിനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം മുഴുവനും | ലൈബ്രേറിയൻ | |
| | ക്ലാസ് ലൈബ്രറി ക്ലാസിരുന്ന് തന്നെ വായിക്കാനുള്ള പ്രേരണ നൽകുന്നു. | അക്കാദമിക വർഷം മുഴുവനും | ക്ലാസ് അധ്യാപകർ | |

## പഠന യാത്രകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ക്ലാസ് മുറികളിൽ നിന്നും ലഭിച്ച മിതമായ അറിവുകളുടെ അടിസ്ഥാനത്തിൽ പഠിതാക്കളിൽ യഥാർത്ഥ വസ്തുതകളെ പരീക്ഷണ നിരീക്ഷണ ഗവേഷണ തലത്തിലേക്ക് ഉയർത്തുന്നതിന്. | പ്രകൃതിയെ തൊട്ടറിഞ്ഞ് അനുഭവങ്ങൾ സ്വായത്തമാക്കുന്നു. | സെപ്തംബർ- ഒക്ടോബർ | പഠനയാത്ര കമ്മിറ്റി | രക്ഷിതാക്കൾ |
| | വ്യത്യസ്ത സാഹചര്യങ്ങൾ, കാലവസ്ഥ സംസ്കാരം എന്നിവയോട് പൊരുത്തപ്പെട്ട് ഇടപെടുന്നതിന് | സെപ്തംബർ- ഒക്ടോബർ | പഠനയാത്ര കമ്മിറ്റി | രക്ഷിതാക്കൾ |
| 2) പ്രാദേശിക പരിസ്ഥിതികളും വിഭവങ്ങളും ചരിത്രവും കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനും അനുഭവം ബോധ്യമാക്കുന്നതിനും പഠനഭാരം ലഘൂകരിച്ച് ഉല്ലാസമാക്കുന്നതിനും. | ഏകദിന പഠന യാത്രകൾ, കണ്ടൽക്കാട്, തണ്ണീർ തടങ്ങൾ, കാവുകൾ, പ്രാദേശിക ചരിത്ര പ്രദേശങ്ങൾ എന്നിവിടങ്ങളിലേക്കുള്ള ഫീൽഡ് ട്രിപ്പ്. | അക്കാദമിക വർഷം | പഠനയാത്ര കമ്മിറ്റി | രക്ഷിതാക്കൾ |

## മേഖല: IEDC

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) പ്രത്യേക പരിഗണന അർഹിക്കുന്ന CWSN കുട്ടികളെ മറ്റ് കുട്ടികളോടൊപ്പം തന്നെ പഠിക്കുവാനുള്ള അവസരം നൽകുന്നു. | കുട്ടികളുടെ ശാരീരിക മാനസീക പരിമിതികൾ പരിഗണിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ, ഹെഡ്മിസ്ട്രസ് | IEDC സ്കോളർഷിപ്പ് |
| 2) പ്രത്യേക പരിഗണന അർഹിക്കുന്ന ജനവിഭാഗത്തോട് സഹാനുഭൂതി വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | ക്ലാസിലെ CWSN / IED കുട്ടികളെ പരിചരിക്കുന്നതിന് മറ്റ് കുട്ടികൾക്ക് ഉത്തരവാദിത്വം കൊടുക്കുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ, ഹെഡ്മിസ്ട്രസ് | |
| 3) പഠന കാര്യങ്ങളിൽ റിസോഴ്സ് ടീച്ചേഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തുന്നു. | IQ ടെസ്റ്റിലൂടെയും മറ്റ് സാങ്കേതിക സാധ്യതകളിലൂടെയും പഠന നിലവാരം മെച്ചപ്പെടുത്തുന്നു. | അക്കാദമിക വർഷം | റിസോഴ്സ് അധ്യാപകർ | |

## മേഖല: കലാ – കായികം

**ഉപമേഖല: ചിത്രകല, കായികം, പ്രവൃത്തി പരിചയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) കുട്ടികളുടെ ഉള്ളിൽ അന്തർ ലീനമായി കിടക്കുന്ന സവിശേഷ ശേഷികളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. | ചിത്രകലയെ കുറിച്ചുള്ള ഡമോൺസ്ട്രേഷൻ ക്ലാസുകൾ, പെയിന്റിങ്ങ്, ക്ലേ മോഡലിംഗ് എന്നിവയിൽ താൽപര്യമുള്ള മുഴുവൻ കുട്ടികൾക്കും പരിശീലനം. കുട്ടികളുടെ സർഗ്ഗ സൃഷ്ടികളുടെ പ്രദർശനം. | അക്കാദമിക വർഷം | കലാ അധ്യാപകർ | പി.ടി.എ |

## മേഖല: കലാ – കായികം

## ഉപമേഖല: ചിത്രകല, കായികം, പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 2) സ്വയം തൊഴിൽ മേഖല യിലേക്ക് കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. | ചോക്ക്, കുട എന്നിവയുടെ നിർമ്മാണം | അവധിക്കാലം, ഏപ്രിൽ, മെയ് | പ്രവൃത്തി പരിചയ, കലാ അധ്യാപകർ | പൂർവ്വ വിദ്യാർത്ഥികൾ |
| 3) ശാരീരിക മാനസീക ആരോഗ്യം പരിപോഷിപ്പി ക്കൽ | യോഗ പരിശീലനം (ആഴ്ചയിൽ ഒരിക്കൽ) അസംബ്ലി ദിവ സങ്ങളിൽ മാസ്ഡ്രിൽ (ആഴ്ചയിൽ രണ്ട് ദിവസം ക്ലാസ് അടിസ്ഥാനത്തിൽ മാസ്ഡ്രിൽ പരിശീലനം) | അക്കാദമിക വർഷം | കായിക അധ്യാപകർ | |
| | വിദ്യാലയത്തിലെ കുട്ടികളെ പരിശീലിപ്പിച്ച് അന്തർ ദേശീയ തലത്തിൽ മത്സരിപ്പിക്കുന്നതിന് | ഒരു വർഷത്തിനുള്ളിൽ | കായിക അധ്യാപകർ | |
| | വിദ്യാലയത്തിലെ കുട്ടികളെ പരിശീലിപ്പിച്ച് അന്തർ ദേശീയ തലത്തിൽ മത്സരിപ്പിക്കുന്നതിന് മികച്ച ഖൊ- ഖൊ ടീം രൂപീകരണം. | ഒരു വർഷത്തിനുള്ളിൽ | കായിക അധ്യാപകർ | |

## സ്കൂൾ അസംബ്ലി, സർഗ്ഗ വേളകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) സദസ്സിനെ അഭിമുഖീകരി ക്കുവാൻ ആത്മവിശ്വാസം വളർത്തൽ, ആത്മധൈര്യം നേടൽ. | ഒരു പഠിതാവ് നേടിയെടുക്കേണ്ട മൂല്യങ്ങളായ ബഹു മാനം, സത്യസന്ധത, സഹാനുഭൂതി എന്നിവയൊക്കെ മുൻനിർത്തി ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികൾ തന്നെ ഒരുക്കുന്ന അസംബ്ലി സംഘടിപ്പിക്കുന്നു.<br>ഇതിലൂടെ വേദിയെ അഭിമുഖീകരിക്കാനുള്ള ആത്മവി ശ്വാസം നേടുന്നു.<br>അവതരണത്തിനുള്ള ആത്മധൈര്യം നേടുന്നതിലൂടെ അവസരത്തിനൊത്ത് കുട്ടികൾ വേദിയിൽ അവരുടെ കഴിവ് പ്രകടിപ്പിക്കാൻ അവസരം ഒരുക്കുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ | |

## സ്കൂൾ അസംബ്ലി, സർഗ്ഗ വേളകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 2) സർഗ്ഗവേളകൾ സജീവ മാക്കുന്നതിന് സർഗ്ഗാത്മക കഴിവുകളെ വികസിപ്പിച്ച് ഭയം കൂടാതെ അവതരിപ്പി ക്കുന്നു. | കുട്ടികൾ തന്നെ തയ്യാറാക്കുന്ന സർഗ്ഗവേളകൾ, വിവിധ കലാപ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ അവതരിപ്പക്കുന്ന തിലൂടെ കുട്ടികളിലെ സർഗ്ഗാത്മകത വികസിക്കുവാൻ പ്രാപ്തരാക്കുന്നു.<br><br>സഭാകമ്പം ഇല്ലാതെ സദസിനെ അഭിമുഖീകരിക്കുന്നതി ലൂടെ സംസ്ഥാനതലം വരെയുള്ള കലോത്സവങ്ങളിൽ പങ്കെടുക്കുന്നതിന് സാധിക്കുന്നു. സർഗ്ഗാത്മക കഴിവു കൾ വികസിക്കുന്നതിലൂടെ കുട്ടികൾ സമൂഹത്തിൽ അറിയപ്പെടുന്ന നിലകളിൽ എത്തുന്നതിന് സഹായകരമാ കുന്നു.<br><br>ഇത്തരം പ്രവർത്തനങ്ങളിലൂടെ ഓർഗ്ഗനൈസിംഗ് പവർ നേടുന്നു. കുട്ടികൾക്കാവശ്യമായ സഹായങ്ങൾ നൽകു ന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ | |

## സാമൂഹ്യസംവിധാനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) തദ്ദേശീയ ഭരണ സംവിധാ നത്തിലുള്ള ഉന്നത വ്യക്തി ത്വങ്ങൾ, ഫണ്ടുകൾ എന്നി വയെ ഉപയോഗപ്പെടുത്തി കൊണ്ട് സ്കൂളിന്റെ ഭൗതീക അക്കാദമികതലം പരിപോഷിപ്പിക്കൽ. | കുട്ടികൾക്കാവശ്യമായ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതിന് മുൻസിപ്പൽ തല ഹെൽത്ത് ഡിപ്പാർട്ടു മെന്റിന്റെ സേവനം ഉപയോഗപ്പെടുത്തുന്നു.<br><br>അർഹിക്കുന്ന കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാ ക്കുന്നു. | അക്കാദമിക വർഷം | ഹെഡ്മിസ്ട്രസ് | |

## സാമൂഹ്യസംവിധാനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 2) പൂർവ്വ വിദ്യാർത്ഥികളെ സ്കൂളിന്റെ ഭാഗമാക്കി നിലനിർത്തുന്നു. | സ്കൂളിൽ നിന്നും പഠിച്ച് സമൂഹത്തിന്റെ ഉന്നതിയിൽ നിൽക്കുന്ന പൂർവ്വ വിദ്യാർത്ഥികളെ ഉപയോഗിച്ച് കൊണ്ട് മോട്ടിവേഷൻ ക്ലാസുകൾ, സൗജന്യ മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു.<br>ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തീകസഹായം ലഭ്യമാക്കുന്നു. | അക്കാദമിക വർഷം | ഹെഡ്മിസ്ട്രസ് | |
| 3) സ്ഥലത്തെ ക്ലബ്ബുകളുടെ സഹായം സ്കൂളിന്റെ അക്കാദമിക ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഉപയോഗിക്കുന്നു. | ലയൺസ് ക്ലബ്ബ്, റോട്ടറി ക്ലബ്ബ്, ജൂനിയർ ചേമ്പർ, ലൈബ്രറി കൗൺസിൽ എന്നിവരുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു. | അക്കാദമിക വർഷം | പ്രധാന അധ്യാപിക | |

| ലക്ഷ്യം | | കാലയളവ് | പഠനോപകരണങ്ങൾ, | സാമ്പത്തികം | ക്ലാസിതരപ്രവർത്തനങ്ങൾ |
|---|---|---|---|---|---|
| * എല്ലാ കുട്ടികളെയും ഭാഷാപഠന തൽപരരാക്കുന്നു.<br><br>* അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | കുട്ടികളുടെ പഠന മികവുകളും പരിമിതികളും മനസ്സിലാക്കി അവരുടെ സാധ്യതകൾക്കനുസരിച്ചുള്ള പഠന പ്രവർത്തനങ്ങളും പഠന രീതികളും സ്വീകരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകങ്ങൾ, ചിത്രങ്ങൾ, വീഡിയോ. | അധ്യാപിക | അനുരൂപീകരണ തലം<br>സഹപാഠികളുടെ പിന്തുണ<br>പഠനപ്രവർത്തനങ്ങളിൽ സഹായിക്കൽ<br>ഗ്രൂപ്പ് തല പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തൽ |
| വായനാവാരത്തോട് ബന്ധപ്പെട്ടത്തിയു ള്ള ക്ലാസ് തല പ്രവർത്തനം | രചന ശില്പശാല അധ്യാപകൻ ഒരു പുസ്തകം പരിചയപ്പെടുത്തി അവലോകനം പറയുന്നു. | | | | |
| സാഹിത്യാഭിരുചി വളർത്താൻ ഉള്ള പ്രവർത്തനങ്ങൾ | കുട്ടികൾ പുസ്തകാവലോകനം തയ്യാറാക്കുന്നു. | | | | |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകൽ. | പ്രശ്നോത്തരി<br>മാഗസിൻ,കഥ, കവിത ഉപന്യാസം എന്നിവക്കുള്ള പരിശീലനം, സൃഷ്ടി. | | | | |
| സംസ്കൃത ദിനാചരണം<br>സ്കൂൾതല മത്സരങ്ങൾ | ഔപചാരിക ക്ലബ്ബ് രൂപീകരണം<br>സംസ്കൃത സന്ദേശം,ഒരു പ്രമുഖ വ്യക്തിയുടെ | | | | |

| | | | | | |
|---|---|---|---|---|---|
| നടത്തി സബ്ജില്ലാ ജില്ലാതലത്തിൽ പങ്കെടുപ്പിക്കൽ.<br>സ്വാതന്ത്ര്യദിനം | ക്ലാസ്, സംസ്കൃതം പ്രാർത്ഥന.വന്ദേമാതരാലാപനം. | | | | |
| ഭാഷാപഠനം കലാപരിചയം | കലോത്സവത്തിനായി സംസ്ഥാന അധ്യാപകർ കുട്ടികളെ കണ്ടെത്തി കലാരൂപങ്ങൾ പരിചയപ്പെടുത്തി പരിശീലനം നൽകുന്നു.<br>ഭാഷാ പ്രാധാന്യം കണക്കിലെടുത്ത് കഥ,സമസ്യ, സിദ്ധരൂപം എന്നിങ്ങനെ പ്രത്യേകം സജ്ജരാക്കുന്നു. | | ചിത്രങ്ങൾ, വീഡിയോ. | | സബ്ജില്ലാ ജില്ല മത്സരാർത്ഥികൾക്ക് സംസ്കൃത അധ്യാപക കൂട്ടായ്മ സമ്മാന ദാനം നൽകുന്നു. |
| സംഭാഷണ ശിബിരം | പരീക്ഷാസംബന്ധമായി കുട്ടികളുടെ ഭാഷാപ്രയോഗ സാമർത്ഥ്യം മെച്ചപ്പെടുത്തുന്നതിന്. എല്ലാ കുട്ടികളും താല്പര്യത്തോടെ പങ്കെടുക്കും. | | | | |
| പഠനയാത്ര | പാഠഭാഗവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു സ്ഥലസന്ദർശനം. | | | | |
| മത്സര പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം. | രാമായണ പ്രശ്നോത്തരി, സംസ്കൃത പ്രശ്നോത്തരി, യുഎസ്എസ്, സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ പരിശീലനം.<br>പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് പ്രീ മോഡൽ, മോഡൽ, എസ്എസ്എൽസി പരീക്ഷ പരിശീലനം | | | | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ. എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് .എം. അവതരണ മികവ്. | **സെന്റ് മേരീസ് എഫ് .എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **Lend Your Ear-** ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | **Follow Me If You Can!** ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Breaking News** ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Missing Man** അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Treasure Hunt** വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിന യത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കു വാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെ ടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെ ത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കു വാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കു വാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

# മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന**: തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം**: ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്...........<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

# മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങ ളിൽ നിന്നും ചുറ്റുപാടുക ളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപ കരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവത രിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലു കൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

# മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച** ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയ കൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതി നുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാ ടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗി ക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷത കൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തന ങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാ ക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗ ങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടി കളുടെ താൽപര്യം വർദ്ധിപ്പി ക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയ ങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാ ക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യത കൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോ ഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പ ത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# ഹൈസ്കൂൾ തലം

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം- അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets - യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

## മേഖല – ഹൈസ്കൂൾ – ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 2) മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു.<br>ഹിന്ദി തിയേറ്ററുകൾ സജീകരിക്കുക. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 3) വിവർത്തകർ, വാർത്ത വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക. | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ |
| | പ്രശസ്ത ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | പി.ടി.എ |

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) **അത്ഭുത കണ്ണിലൂടെ:** കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2) **ശാസ്ത്ര ലോകത്തേക്ക്:** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3) **ഹൈടെക് വേൾഡ്:** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) **ആയുർരേഖ:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |

# മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) **വൈജ്ഞാനിക ബഹിർസ്ഫുരണം:** അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിത സേന സീഡ് | കൃഷി വകുപ്പ്, ഹരിത സേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

# മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവ ബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യ ബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ | **ഒപ്പത്തിനൊപ്പം,** പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| 5) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവൻ | |
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |
| 8) ഗണിത മത്സരവേദിയിലേക്ക്: മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM, പി.ടി.എ. പ്രസിഡണ്ട് | |

## മേഖല – ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ICT സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക. | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക: ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറുകൾ ICT ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 2) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക. | ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾ തലത്തിൽ ICT ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 3) പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക. | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക. ഇതുവഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | ഐ.ടി. ക്ലബ്ബ് |
| 4) ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കുക. | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം: മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സൈബർ സെൽ, ചൈൽഡ് ലൈൻ | |

## മേഖല – ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക. അതുവഴി സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ ഉപയോഗം പ്രചാരത്തിലാക്കുക. | സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |
| 6) സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയാധിഷ്ഠിതമായി ICT ഉപയോഗിച്ച് കൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |

# ഉപസംഹാരം

കുമ്പനാട് നോയൽ മെമ്മോറിയൽ ഹൈസ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങൾ മികവോടെ നടപ്പാക്കുന്നതിനായി കൂട്ടായ ആസൂത്രണത്തിലൂടെ തയ്യാറാക്കിയതാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടികളിലേക്കും എത്തിച്ച് മികച്ച പൗരന്മാരായി അവരെ വളർത്തിയെടുക്കുവാൻ ഈ പ്രവർത്തനങ്ങളിലൂടെ കഴിയുമെന്ന് ഞങ്ങൾ ഉറച്ച് വിശ്വസിക്കുന്നു. ഈ പ്ലാൻ തയ്യാറാക്കുന്നതിനായി സഹകരിച്ച ഏവരോടുമുള്ള നന്ദി അറിയിക്കുന്നു. ഇവയിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ യഥാസമയം മികവോടെ നടപ്പിലാക്കി ഓരോ വിദ്യാർത്ഥിയുടെയും സർവ്വതോന്മുഖമായ വളർച്ച നേടിയെടുക്കുവാൻ കഴിയട്ടെ.